പൊതുവിദ്യാഭ്യാസ

സംരക്ഷണയജ്ഞം

വിദ്യാഭ്യാസ വികസനരേഖ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-2026

DVNSS UPS IVERKALA
PIN-691507
IVERKALA EAST P.O.

DVNSS... IVERKALA

ഡി.വി.എൻ.എസ്.എസ്.യു.പി.സ്കൂൾ

ഐവർകാലകിഴക്ക്

Scanned with OKEN Scanner
Scanned with OKEN Scanner

# അക്കാദമിക് മാസ്റ്റർപ്ലാൻ

**ആമുഖം : കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ**

2025-26 അക്കാദമിക് വർഷം സമഗ്ര ഗുണമേന്മ വർഷമാണ്. പാഠ്യ പദ്ധതി ചട്ടക്കൂട് 2023 പ്രകാരം 1 മുതൽ 10 വരെയുള്ള പാഠപുസ്തകങ്ങളെല്ലാം പരിഷ്കരിച്ചിട്ടുണ്ട്. മൂല്യനിർണയപ്രക്രിയയിലും മാറ്റങ്ങൾ ഇതിനകം വരുത്തി യിട്ടുണ്ട്. സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസത്തെ സമഗ്രമായി കണ്ടുകൊണ്ട് വിദ്യാഭ്യാസ ഗുണമേന്മ ഉയർത്തുന്നതിനും, അക്കാദമിക നിലവാരം മെച്ചപ്പെടു ത്തുന്നതിനുള്ള പ്രവർത്തപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. അതിന്റെ ഭാഗമായാണ് ഈ വർഷം സമഗ്രഗുണമേന്മവർഷമായി പരിഗണിക്കുന്നത്. പദ്ധതി വിജയകരമായി നടപ്പാക്കാനും ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ചപ്പാടിനനുഗുണമായി നമ്മുടെ സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റാൻ ശക്തമായ ഒരു കൂട്ടായ്മയാണ് നമുക്ക് വേണ്ടത്. ഇതുതന്നെയാണ് പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞം വിഭാവനം ചെയ്യുന്നത്.

കൊല്ലം ജില്ലയിൽ കുന്നത്തൂർ താലൂക്കിൽ, കുന്നത്തൂർ പഞ്ചായത്തിൽ 6-ാം വാർഡിൽ ആണ് സ്കൂൾ സ്ഥിതിചെയ്യുന്നത്. ഈ അക്കാദമികവർഷം സ്കൂളിലെ കുട്ടികളുടെ എണ്ണം 130 ആണ്. 90 അധ്യാപകരും, 1 അനധ്യാപകനും ഉൾപ്പെടെ 10 ജീവനക്കാരാണ് സ്കൂളിൽ ഉള്ളത്. 5, 6, 7 സ്റ്റാന്റേർഡുകളിലായി 2 ഡിവിഷൻ വീതമുണ്ട്. ശാസ്താംകോട്ട സബ്ജില്ലയിലെ പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ മികച്ച നിലവാരം പുലർത്തുന്ന സ്കൂളാണ് നമ്മുടേത്. കഴിഞ്ഞ അക്കാദമിക വർഷം നടന്ന ശാസ്ത്രമേളയിലും ഐ.റ്റി.മേളയിലും, ഓവറോൾ ചാമ്പ്യൻഷിപ്പ് നേടിയിരുന്നു, മറ്റ് മേളകളിലും ഉന്നതവിജയം കാഴ്ചവച്ചിട്ടുണ്ട്. കൂടാതെ 2025 ഫെബ്രുവരിയിൽ നടന്ന യു.എസ്.എസ്. പരീക്ഷയിൽ ചരിത്ര വിജയം നേടാനും നമുക്ക് കഴിഞ്ഞു. 30 കുട്ടികളാണ് പരീക്ഷയെഴുതിയത്. അതിൽ 11 കുട്ടികൾ സ്കോളർഷിപ്പിനർഹത നേടി. വിദ്യാരംഗം കലാ-സാഹിത്യവേദിയുടെ ഉപജില്ലാ മത്സരത്തിൽ അഭിനയം, ഗാനാലാപനം എന്നീ

Scanned with OKEN Scanner

Scanned with OKEN Scanner

ഇനങ്ങളിൽ ജില്ലാതലത്തിലേക്ക് പങ്കെടുക്കാൻ കുട്ടികൾക്ക് അർഹത ലഭിച്ചു. അതുപോലെ ശാസ്താംകോട്ട ഉപജില്ല കലാമേളയിൽ മികച്ചവിജയം പലഇന ങ്ങളിലും കൈവരിക്കാൻ കഴിഞ്ഞു.

വിദ്യാഭ്യാസവകുപ്പ് നടത്തുന്ന സംസ്ഥാനതല പ്രവർത്തനങ്ങൾ, പദ്ധതികൾ എന്നിവ കാര്യക്ഷമമായി സ്കൂളിൽ നടപ്പാക്കിവരുന്നു. സമഗ്രഗു ണമേന്മ വിദ്യാഭ്യാസപദ്ധതിയുടെ ഭാഗമായി വിദ്യാഭ്യാസവകുപ്പ് മുന്നോട്ട് വയ്ക്കുന്ന ലക്ഷ്യങ്ങളും, കുട്ടികളിലെ പഠന-പിന്നോക്കാവസ്ഥ പരിഹരിക്കാൻ ആവശ്യമായ തുടർപ്രവർത്തനങ്ങളും ആസൂത്രണം ചെയ്തിട്ടുണ്ട്.

## അവസ്ഥാപഠനം

### പാഠ്യപദ്ധതി വിനിമയം

ഭാഷാപരവും, ശാസ്ത്രപരവും, ഗണിതപരവും, സാമൂഹ്യപരമായും കുട്ടി കളിൽ അറിവുനിർമാണപ്രക്രിയ നടക്കുന്നതിന് അധ്യാപകർ സജീവമായ പങ്കു വഹിക്കുന്നുണ്ട്. 'പ്രവർത്തനാധിഷ്ഠിതവവും, പ്രക്രിയാബന്ധിതവുമായ പ്രവർത്തനങ്ങൾ വഴി കുട്ടികളിൽ പഠനനേട്ടം കൈവരിക്കാൻ പര്യാപ്തമായ പാഠ്യപദ്ധതി വിനിമയമാണ് നടപ്പാക്കുന്നത്. ഭിന്നശേഷിക്കാരായ കുട്ടികളെ ഓരോരുത്തരെയും പരിഗണിച്ചുകൊണ്ടുള്ള അജരൂപീകരണപ്രവർത്തനങ്ങളും ആസൂത്രണം ചെയ്യുന്നതിൽ അധ്യാപകർ പ്രത്യേക ശ്രദ്ധ പുലർത്തുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെങ്കിലും രണ്ട് ശതമാനത്തോളം കുട്ടികളെങ്കിലും പഠനപിന്നോക്കാവസ്ഥയിൽ നിന്നും മുന്നോട്ട് വരാൻ ബുദ്ധിമുട്ടുണ്ട്.

കുട്ടികളുടെ നൈസർഗികമായ കലാവാസനകൾ തിരിച്ചറിഞ്ഞ പരിപോഷിപ്പിക്കുകയും, വിവിധങ്ങളായ കലകളെ അഭിരുചിക്കനുസരിച്ച് അഭ്യസിക്കുന്നതിനുള്ള സാഹചര്യങ്ങൾ ഒരുക്കുകയും ചെയ്യുന്നുണ്ടെങ്കിലും ഒരു കലാധ്യാപകന്റെ നിരന്തരമായ മേൽനോട്ടത്തിന്റെ അപര്യാപ്തത അനുഭവപ്പെടുന്നുണ്ട്. തൊഴിലിനോട് ആഭിമുഖ്യമുള്ളതും തൊഴിൽ ചെയ്യുന്ന വരെ ആദരിക്കുന്നതും, സാമുഹികബോധമുള്ള പുതിയ ഒരു തൊഴിൽ

Scanned with OKEN Scanner
Scanned with OKEN Scanner

സംസ്കാരത്തിന്റെ വക്താക്കളാക്കി പുതിയ തലമുറയെ വാർത്തെടുക്കുന്നതിൽ പാഠ്യപദ്ധതിയിൽ പ്രവൃത്തിപഠനത്തിന് സുപ്രധാന പങ്കാണുള്ളത്. ബി.ആർ.സി.യിൽ നിന്നുള്ള പ്രവർത്തിപരിചയ അധ്യാപികയുടെ സേവനം കുട്ടികളുടെ ശേഷികളും, കഴിവുകളും വളർത്തിയെടുക്കുവാൻ ഏറെ പ്രയോജനകരമാണ്.

കുട്ടിയുടെ ആരോഗ്യ-കായിക വികസനഘട്ടങ്ങളെ ശാസ്ത്രീയമായി പോഷിപ്പിക്കുന്നതിന് ആരോഗ്യകായികപഠനം നിരന്തരമായ ആരോഗ്യ-കായികഅനുഭവങ്ങൾ ലഭിക്കുവാൻ തക്കവണ്ണം ഒരു കായികാധ്യാപകന്റെ സേവനം ലഭ്യമാകുന്നില്ല എന്നത് വസ്തുതയാണ്.

## പാഠ്യപദ്ധതി വിനിമയം

മെച്ചപ്പെട്ട പഠനാന്തരീക്ഷം ഉറപ്പാക്കുവാൻ കഴിയുവിധത്തിലുള്ള ക്ലാസ്മുറികളും, അനുയോജ്യമായ പഠനോപകരണങ്ങളും ഏറെക്കുറെ ലഭ്യമാണ്. നിലവിൽ നല്ലോരു ലൈബ്രറി സജ്ജമാണ്. പക്ഷെ ഒരു ലൈബ്രറി റൂമിന്റെ അപര്യാപ്തത നിലവിലുണ്ട്. അതുപോലെ തന്നെ ഗണിതലാബും, സാമൂഹ്യ ശാസ്ത്രലാബും ഒരുക്കുവാൻ കഴിഞ്ഞിട്ടില്ല. നല്ല ഒരു ഐ.റ്റി.ലാബ് ഉണ്ടെങ്കിലും കുട്ടികളുടെ എണ്ണത്തിന് അനുസരിച്ചുള്ള കമ്പ്യൂട്ടറുകൾ ലഭ്യമല്ല. ജൈവ അജൈവമാലിന്യങ്ങളെ തരംതിരിക്കുകയും, ജൈവമാലിന്യങ്ങളെ ജൈവവളമാക്കി മാറ്റാനുള്ള ബയോബിനുകൾ സ്ഥാപിക്കുകയും ചെയ്തു.

## മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ

എല്ലാ മാസവും യൂണിറ്റ്ടെസ്റ്റ് നടത്തുകയും, പഠനപുരോഗതി ക്ലാസ് പി.ടി.എ.യിൽ പങ്കുവയ്ക്കുകയും ചെയ്യുന്നു. പഠനപിന്നോക്കാവസ്ഥ പരിഹരിക്കുവാൻ ഓരോ കുട്ടിക്കും വേണ്ട പ്രവർത്തനങ്ങൾ നടപ്പാക്കുന്നു.

Scanned with OKEN Scanner

| | സ്കൂൾ തല പ്രവർത്തനങ്ങളുടെ ഫോർമാറ്റ് | കാലയളവ് |
|---|---|---|
| 1. | 5 മുതൽ 7 വരെയുള്ള ഓരോ ക്ലാസിലും കുട്ടി പ്രതീക്ഷിത നിലവാരത്തിലുള്ള ധാരണകളും, ശേഷികളും നേടാനും, സാമൂഹികമൂല്യങ്ങൾ വികസിക്കാനുമുള്ള അനുഭവങ്ങൾ ഒരുക്കുക. | ദീർഘകാലം |
| 2. | ഭാഷാവിഷയങ്ങളിൽ അടിസ്ഥാനശേഷി കൈവരിക്കുക. (പഠനോപിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക്) | ഹ്രസ്വകാലം |
| 3. | ഭാഷാവിഷയങ്ങളിൽ ഉയർന്നശേഷി കൈവരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക. | ദീർഘകാലം |
| 4. | ദിനാചരണങ്ങൾ പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി വിഷയാടിസ്ഥാനത്തിൽ നടപ്പിലാക്കുക. | ദീർഘകാലം |
| 5. | കുട്ടികളിൽ ലഹരിക്കെതിരായ അവബോധം വളർത്തുക. | ഹ്രസ്വകാലം |
| 6. | വിദ്യാലയത്തിൽ ഗ്രീൻപ്രോട്ടോക്കോൾ നടപ്പാക്കി ശുചിത്വവിദ്യാലയം, ഹരിതവിദ്യാലയം അടക്കം കാര്യക്ഷമമായി നടപ്പാക്കുക. | ഹ്രസ്വകാലം |
| 7. | ജൈവവൈവിധ്യ ഉദ്യാനം ഒരുക്കുക. | ഹ്രസ്വകാലം |
| 8. | ശാസ്ത്രാവബോധം, ഗണിതമൂല്യം ഇവ നേടാനാവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക. | ദീർഘകാലം |
| 9. | ലിംഗസമത്വം ഉറപ്പുവരുത്തുക. | ഹ്രസ്വകാലം |
| 10. | മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക. | ഹ്രസ്വകാലം |



Scanned with OKEN Scanner
Scanned with OKEN Scanner

# സ്കൂൾ തല പ്രവർത്തനങ്ങളുടെ ഫോർമാറ്റ്

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | പാഠ്യപദ്ധതി വിനിമയം (കലാകായിക വിദ്യാഭ്യാസം | ബി.ആർ.സി.യിൽ നിന്നും കായിക അധ്യാപകരെ ലഭ്യമാക്കാൻ ശ്രമം നടത്തുന്നു.<br>സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ഹൃദയശ്വസന ക്ഷമത വർദ്ധപ്പിക്കുന്നതിനും കായികശേഷി വർദ്ധിപ്പിക്കുന്നതിനും വേണ്ടി Aerotics പരിശീലനം. | 1 വർഷം | അധ്യാപകർ | | പ്രദേശത്തുള്ള വിദഗ്ദ്ധരെ ഉൾപ്പെടുത്താൻ ശ്രമിക്കുന്നു.<br>ഘട്ടം ഘട്ടമായി മാത്രമേ ഈ പദ്ധതി പൂർത്തിയാക്കാൻ സാധിക്കുകയുള്ളു. |
| | പഠനവിടവ് | ഓരോ വിഷയത്തിലും അതാത് ടീച്ചർമാർ പ്രീ–ടെസ്റ്റ് നടത്തി കുട്ടികളുടെ യഥാർത്ഥ അവസ്ഥ മനസ്സിലാക്കുന്നു. പഠനവിടവ് പരിഹരിക്കാനാവശ്യമായ പ്രവർത്തനങ്ങൾ വിഷയാടിസ്ഥാനത്തിൽ ആസൂത്രണം ചെയ്യുന്നു. നടപ്പിലാക്കുന്നു. | 1 മാസം | എല്ലാ അധ്യാപകർക്കും | | എല്ലാതരം കുട്ടികളെയും പരിഗണിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത്. |
| 2. | പഠനാന്തരീക്ഷം | 1. ക്ലാസ് ലൈബ്രറികൾ മെച്ചപ്പെട്ട രീതിയിൽ സജ്ജീക്കരിക്കൽ .<br>2 പഠനനിലവാരത്തിനനുസരിച്ചുള്ള പുസ്തകങ്ങൾ ലഭ്യമാക്കൽ.<br>3. തരംതിരിച്ച് ക്രമീകരിക്കൽ<br>4. വായനാപുരോഗതിയ്ക്കനുസരിച്ച് കുട്ടികളെ ലിസ്റ്റ് ചെയ്യുകയും അതനുസരിച്ച് പുസ്തകം വായിച്ച് കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യുന്നു. | 1 വർഷം | ക്ലാസ് ടീച്ചർ | വിദ്യാലയ വികസനസമിതി, പൂർവ്വവിദ്യാർത്ഥികൾ, സ്പോൺസർഷിപ്പുകൾ | എല്ലാ കുട്ടികളേയും സ്വതന്ത്രവായനക്കാരാക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. |



Scanned with OKEN Scanner

| മേഖല | പ്രശ്നങ്ങൾ | അവസ്ഥ | | | കാരണങ്ങൾ |
|---|---|---|---|---|---|
| | | ലഘുതരം | ഗുരുതരം | തീവ്രം | |
| പാഠ്യപദ്ധതി വിനിമയം | പഠനപ്രക്രീയയുടെ ഭാഗമായി കലാകായിക പ്രവർത്തനങ്ങൾ മെച്ചപ്പെട്ട രീതിയിൽ വിദ്യാലയത്തിൽ സംഘടിപ്പിക്കുവാൻ കഴിയുന്നില്ല. | ✓ | | | സാമ്പത്തികത്തിന്റെ അപര്യാപ്തത<br>പരിശീലനം സിദ്ധിച്ച അധ്യാപകരുടെ കുറവ് |
| | പഠനപ്രവർത്തനങ്ങൾ വിനിമയം ചെയ്യുന്നതിൽ ബുദ്ധിമുട്ടുകൾ നേരിടുന്നു. | | | ✓ | കോവിഡ് കാലഘട്ടത്തിലുണ്ടായിരിക്കുന്ന പഠനവിടവ് |
| പഠനാന്തരീക്ഷം | ക്ലാസ് ലൈബ്രറികൾ മെച്ചപ്പെട്ട രീതിയിൽ സജ്ജീകരിക്കുവാൻ കഴിയുന്നില്ല. | | ✓ | | സാമ്പത്തികം.<br>നിലവാരത്തിനനുസരിച്ചുള്ള പുസ്തകങ്ങൾ ലഭ്യമാക്കാൻ കഴിയുന്നില്ല.<br>പുസ്തകങ്ങളെ തരംതിരിച്ച് ക്രമീകരിക്കാനുള്ള സംവിധാനമില്ലായ്മ. |
| | കുട്ടികളുടെ എണ്ണത്തിനനുസരിച്ചുള്ള കമ്പ്യൂട്ടറുകൾ ലഭ്യമല്ല. | | ✓ | | കമ്പ്യൂട്ടറുകൾ പലതും ഉപയോഗശൂന്യം. |
| അധ്യാപകർ | പഠനപ്രവർത്തനങ്ങൾ നടക്കുമ്പോൾ ചില അവസരങ്ങളിൽ ചില പ്രാദേശിക ഇടപെടലുകളും സഹായങ്ങളും ലഭ്യമാകുന്നില്ല. | | ✓ | | പ്രാദേശിക വിഭവങ്ങളായ മനുഷ്യവിഭവം, സമ്പത്ത്, സാമഗ്രികൾ, എന്നിവ അനുയോജ്യമായ സമയത്ത് കണ്ടെത്താൻ കഴിയുന്നില്ല. |
| | കോവിഡാനന്തരം കുട്ടികളിൽ ഉണ്ടായ ഗുണപരമല്ലാത്ത സ്വഭാവമാറ്റങ്ങൾ ക്ലാസ്മുറികളിൽ സുഖകരമല്ലാത്ത അന്തരീക്ഷം ഉണ്ടാകുന്നു. | | | ✓ | കോവിഡ് കാലഘട്ടത്തിൽ കുട്ടികൾക്ക് ഉണ്ടായ ഒറ്റപ്പെടൽ, മൊബൈൽഫോണിന്റെ സ്വാധീനം. |
| ഭൗതിക സാഹചര്യം | ഭിന്നശേഷിക്കാരനായ കുട്ടിക്ക് ടോയ്ലറ്റിൽ പോകുന്നതിന് മറ്റ് കുട്ടികളെ ആശ്രയിക്കേണ്ടിവരുന്നു. | ✓ | | | ഭിന്നശേഷി സൗഹൃദ ടോയ്ലറ്റിന്റെ അഭാവം |
| | മഴയത്തും വെയിലത്തും അസംബ്ലി കൂടാൻ കഴിയുന്നില്ല. | | | ✓ | മേൽക്കൂരയുള്ള ഒരു സംവിധാനം ഇല്ല. |
| | | | | | |

| മേഖല | പ്രശ്നങ്ങൾ | അവസ്ഥ | | | കാരണങ്ങൾ |
| --- | --- | --- | --- | --- | --- |
| | | ലഘുതരം | ഗുരുതരം | തീവ്രം | |
| സാമൂഹിക ഇടപെടലുകൾ | അപൂർവ്വം ചില കുട്ടികളിൽ വൈകാരികവും മാനസിവുമായ പ്രശ്നങ്ങളും, പഠന പിന്നോക്കാവസ്ഥയും ഉണ്ടാകുന്നു. | | ✓ | | രക്ഷിതാക്കളുടെ മദ്യം/ലഹരി ഉപയോഗം, വീട്ടിലെ സാമ്പത്തിക പ്രതിസന്ധി, കുടുംബാംഗങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾ മുതലായവ |
| | | | | | |



Scanned with OKEN Scanner

Scanned with OKEN Scanner

# ക്ലാസ് തല അക്കാദമിക പ്രവർത്തനങ്ങൾ

മേഖലാ : യു.പി.മലയാളം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | ഭാഷയുടെ അടിസ്ഥാനശേഷി വികസനം ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | • പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരരൂപങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു.<br>• ഭാഷാകേളികൾ നടത്തുന്നു.<br>• വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്–അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുപയോഗിച്ച് പദങ്ങളുടേയും വാക്യങ്ങളുടേയും നിർമ്മാണം | ജൂൺ | മലയാളം അധ്യാപകർ | പി.റ്റി.എ. |
| 2. | പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക. | • വാർത്താലോകത്തേക്ക്<br>• പത്രം, ആഴ്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | മലയാളം അധ്യാപകർ | |
| 3. | സാഹിത്യകൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | • സംവാദം/മുഖാമുഖം<br>• സാഹിത്യാകരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖസംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ 2 പ്രാവശ്യം | H.M<br>മലയാളം അധ്യാപകർ | മലയാളം ക്ലബ് & പി.റ്റി.എ |
| 4. | എല്ലാ കുട്ടികൾക്കും മലയാളം കമ്പ്യൂട്ടിംഗ് | • ഐ.റ്റി.പാഠഭാഗവുമായി ബന്ധപ്പെടുത്തി എല്ലാ കുട്ടികൾക്കും മലയാളം ടൈപ്പിംഗിൽ പരിശീലനം നൽകുന്നു. | ആഴ്ചയിൽ 1 പ്രാവശ്യം | അധ്യാപകർ | |



Scanned with OKEN Scanner

# ക്ലാസ് തല അക്കാദമിക പ്രവർത്തനങ്ങൾ

മേഖലാ : യു.പി.സംസ്കൃതം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം. യു.പി.തലത്തിലെ എല്ലാ കുട്ടികൾക്കും കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ. | അക്ഷരം എഴുത്ത്<br>ചിഹ്നം ഉറപ്പിക്കൽ<br>അക്ഷരകാർഡ്<br>വാക്കുകൾ എഴുതൽ<br>പാട്ടുകളും, കഥകളും കേൾപ്പിക്കുക. | ജൂൺ–ജൂലൈ | അധ്യാപിക<br>മികച്ച കുട്ടികൾ | |
| 2. | വീട് ഒരു പരീക്ഷണശാല കാണുന്നതും, കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കൽ | ചിത്രങ്ങളുടെ പേരുപറയൽ, വീട്ടിലും, ചുറ്റിലുമുള്ള വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പറയുകയും എഴുതുകയും ചെയ്യുക. വാക്കുകൾ ശേഖരിക്കുക. | ജൂൺ–ജൂലൈ | അധ്യാപിക<br>മികച്ച കുട്ടികൾ | |
| 3. | വായനാലോകം കുട്ടികളെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ | എല്ലാവർക്കും വായന ഉറപ്പിക്കുന്നതിന് വേണ്ടി പുസ്തകങ്ങൾ നൽകുന്നു. ഒരു പിരീഡ് എടുത്ത് കുട്ടിയ പുസ്തകം വായിപ്പിക്കുന്നു. പുസ്തകങ്ങളുടെ പേര് രേഖപ്പെടുത്തുന്നു. നല്ലവണ്ണം വായിച്ച കുട്ടിയെ അനുമോദിക്കുന്നു. | ജൂൺ–ജൂലൈ | അധ്യാപിക<br>മികച്ച കുട്ടികൾ | |

Scanned with OKEN Scanner
Scanned with OKEN Scanner

# ക്ലാസ് തല അക്കാദമിക പ്രവർത്തനങ്ങൾ

**മേഖലാ : യു.പി.ഇംഗ്ലീഷ്**

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 1 | ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Lend your Ear | : ലളിതവും, രസകരവുമായി ഇംഗ്ലീഷ് റെക്കോഡ് ചെയ്ത് കേൾപ്പിക്കുന്നു. | ജുലൈ–ആഗസ്റ്റ് | ഇംഗ്ലീഷ്അധ്യാപകർ | |
| | | Breaking News | : ഇംഗ്ലീഷ് റേഡിയോവാർത്തകൾ റെക്കോഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം കേൾപ്പിക്കുന്നു. | സെപ്റ്റംബർ–ഒക്ടോബർ | ഇംഗ്ലീഷ്അധ്യാപകർ | |
| 2. | ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | Learning Ladder | : പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. | ആഗസ്റ്റ്–സെപ്റ്റംബർ | ഇംഗ്ലീഷ്അധ്യാപകർ | ഇംഗ്ലീഷ് ക്ലബ് |
| | | Reader of the month | : ഇംഗ്ലീഷ് ദിനപത്രം/ഇംഗ്ലീഷ് ന്യൂസ് വായിക്കുവാൻ അവസരം നൽകി Reader of Month നെ ആദരിക്കുന്നു. | മാസംതോറും | ഇംഗ്ലീഷ്അധ്യാപകർ | |
| 3. | ആവിഷ്കാരത്തിന് അവസരം ഒരുക്കുക. | Day in Week | : ആഴ്ചയിൽ ഒരു ദിനം ഇംഗ്ലീഷിൽ മാത്രം ആശയവിനിമയം | ആഴ്ചതോറും | ഇംഗ്ലീഷ്അധ്യാപകർ | |
| | | English fest | : സ്കിറ്റ് അവതരണം, കവിതാലാപനം, സംവാദം മുതലായവ | ഓരോ ടേമിലും | | |

# ക്ലാസ് തല അക്കാദമിക പ്രവർത്തനങ്ങൾ

മേഖലാ : യു.പി.ഹിന്ദി

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | 5,6,7 ക്ലാസ് അക്ഷരബോധം ഉറപ്പിക്കൽ ഹിന്ദി അഞ്ചാം തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| | | ചിത്രങ്ങൾ, അക്ഷരമാല ചാർട്ട്, ICTസഹായത്തോടെ അക്ഷരരചന കാണിക്കൽ | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2. | ഹിന്ദിവായന:- തെറ്റുകൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം നടത്തും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിക്കുക. മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി.ഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കുക. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 3. | ഹിന്ദി സംസാരം :- ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കുക. നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും. | 6, 7 ക്ലാസുകളിൽ ഹിന്ദി മാത്രം ഉപയോഗിക്കുക.<br>ഹിന്ദിയിൽ കുറിപ്പ്, പോസ്റ്റർ ഇവ തയ്യാറാക്കുക. | | | |
| 4. | ദിനാചരണങ്ങൾ കുട്ടികളിൽ എത്തിക്കും. | ഹിന്ദിദിൻ ആചരിക്കുക. | | | |



Scanned with OKEN Scanner

# ക്ലാസ് തല അക്കാദമിക പ്രവർത്തനങ്ങൾ

മേഖലാ : യു.പി.സോഷ്യൽ സയൻസ്

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | ഭൂപട വായന വളർത്തുക | സ്കൂളിലെ തനത് പ്രവർത്തനവുമായി ബന്ധപ്പെടുത്തി നിത്യേന പത്രങ്ങളിൽ വരുന്ന പ്രധാനപ്പെട്ട വാർത്തകളെ അന്തർദേശീയം ദേശീയം, പ്രാദേശിക എന്നിങ്ങനെ തരംതിരിച്ച് തനത് ഭൂപടങ്ങളിൽ നിറയ്ക്കുന്ന പ്രവർത്തനം | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപിക സാമൂഹ്യശാസ്ത്രക്ലബ് | പി.റ്റി.എ |
| 2. | ലഹരിവിരുദ്ധ മനോഭാവം വളർത്തുക. | ലഹരിവിരുദ്ധ ബോധവൽക്കരണവുമായി ബന്ധപ്പെട്ട് വിദഗ്ധരുടെ ക്ലാസുകൾ സംഘടിപ്പിക്കുക. | | | |
| 3. | ലിംഗസമത്വം, സാമൂഹ്യ മൂല്യാവബോധം വളർത്തുക. | ലിംഗഭേദമില്ലാതെ എല്ലാവർക്കും ഒരേപോലെയുള്ള യൂണിഫോം (ഷർട്ട്, പാന്റ്)<br><br>കളിസ്ഥലത്ത് ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും തുല്യഅവസരം<br>പൊതമുതൽ സംരക്ഷണം, പരസ്പര സഹകരണം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസ് | | | |

Scanned with OKEN Scanner

# ക്ലാസ് തല അക്കാദമിക പ്രവർത്തനങ്ങൾ

**മേഖലാ : ബേസിക് സയൻസ്**

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **ജൈവവൈവിധ്യപാർക്ക്**<br>ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം, ജൈവവേലി എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ജൈവവൈവിധ്യപാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ സയൻസ് ക്ലബ്, എക്കോ ക്ലബ് | പി.റ്റി.എ |
| | | **പരീക്ഷണകളരി**<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്രക്ലാസുകൾ ആരംഭിക്കുന്നു. | ജൂൺ മുതൽ | | പി.റ്റി.എ |
| | | **പരീക്ഷണകിറ്റുകൾ**<br>ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണകിറ്റുകൾ കുട്ടികൾ തയ്യാറാക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ സയൻസ് ക്ലബ്, എക്കോ ക്ലബ് | പി.റ്റി.എ |
| | | **എന്റെ പരീക്ഷണ പുസ്തകം**<br>കുട്ടികൾ ചെയ്യുന്ന പരീക്ഷണങ്ങളുടെ കുറിപ്പുകൾ ഉൾപ്പെടുത്തി എന്റെ പരീക്ഷണ പുസ്തകം തയ്യാറാക്കുന്നു. | | | പി.റ്റി.എ |

Scanned with OKEN Scanner

# ക്ലാസ് തല അക്കാദമിക പ്രവർത്തനങ്ങൾ

**മേഖലാ : യു.പി.ഗണിതം**

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു. | <u>ഗണിതശിൽപ്പശാല</u><br>കളി രീതിയിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്), മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ്കാർഡ്..........ഉപയോഗിക്കുന്നു.) | ജൂൺ, ജൂലൈ | ഗണിത അധ്യാപിക | പി.റ്റി.എ |
| 2. | രസകരമായ ഗണിത ശാസ്ത്രപഠനവും കരചലന ശേഷികളുടെ വികാസവും | <u>ഒറിഗാമി ശിൽപ്പശാല</u><br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ, പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിതാ അധ്യാപിക | പി.റ്റി.എ |
| 3. | ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ, ലാബിൽ വച്ച് ഗണിതക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിതക്ലബും | പി.റ്റി.എ |
| 4. | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു. | <u>ഗണിതക്ലിനിക്ക്</u><br>ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിതാധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | പി.റ്റി.എ |



Scanned with OKEN Scanner

# ക്ലാസ് തല അക്കാദമിക പ്രവർത്തനങ്ങൾ

മേഖലാ : വിവര വിനിമയ സാങ്കേതികവിദ്യ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | സൈബർ സുരക്ഷാവബോധം വളർത്തും. | സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട് വിദഗ്ധരുടെ ബോധവൽക്കരണക്ലാസ് | ആദ്യ ആഴ്ച | അധ്യാപകൻ | PTA |
| 2. | ഇന്റർനെറ്റ് പരിജ്ഞാനം വളർത്തുക. | പഠനപ്രക്രിയയുടെ ഭാഗമായി ഇന്റർനെറ്റിന്റെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. | വർഷം മുഴുവൻ | | |
| 3. | കമ്പ്യൂട്ടർ നൈപുണി വികസനം | ടൈപ്പിംഗ്, ഇന്റർനെറ്റെടുക്കൽ, ഫോൾഡർ നിർമ്മാണം ഇവയിൽ പരിജ്ഞാനം നേടുക. | | | |

Scanned with OKEN Scanner
Scanned with OKEN Scanner

# ക്ലാസ് തല അക്കാദമിക പ്രവർത്തനങ്ങൾ

മേഖലാ : ആരോഗ്യകായിക വിദ്യാഭ്യാസം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | എല്ലാ കുട്ടികൾക്കും വ്യായാമം, കളികൾ, എന്നിവയിലൂടെ കായികാരോഗ്യക്ഷമത ഉറപ്പാക്കുക. | ഫുട്ബോൾ, വോളിബോൾ തുടങ്ങി കുട്ടികൾക്ക് താൽപര്യമുള്ള ഗെയിംസ് ഇനങ്ങൾ പരിശീലിപ്പിക്കുക.<br>നിശ്ചിത ഇടവേളകളിൽ കായികമത്സരങ്ങൾ നടത്തുക.<br>കുട്ടികളുടെ സൈക്കിളിംഗ് പരിശീലനം നൽകും. | ദീർഘകാലം | | |
| 2. | ശാസ്ത്രീയമായ ആരോഗ്യശീലങ്ങൾ വളർത്തുക. | എയ്റോബിക് പരിശീലനം, ആരോഗ്യബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക. | ദീർഘകാലം | | |

Scanned with OKEN Scanner

# ക്ലാസ് തല അക്കാദമിക പ്രവർത്തനങ്ങൾ

മേഖലാ : കലാവിദ്യാഭ്യാസം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക. | കലാവേദികൾ ക്ലാസ്റൂമിൽ ഒരുക്കികൊടുക്കുക. ഗാനാലാപനം, നൃത്തം, അഭിനയം, തുടങ്ങിയ കുട്ടിക്കിഷ്ടപ്പെട്ട ഇനങ്ങളിൽ പ്രകടനം കാഴ്ചവെക്കാൻ അവസരമൊരുക്കുക. | | | |
| 2. | ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ കലാ പരിശീലനത്തിനായി പ്രയോജനപ്പെടുത്തുക. | ICT സഹായത്തോടെ കലാഇനങ്ങളിൽ കൂടുതൽ അറിവ് നേടാൻ അവസരമൊരുക്കുന്നു. | | | |



Scanned with OKEN Scanner
Scanned with OKEN Scanner

# ക്ലാസ് തല അക്കാദമിക പ്രവർത്തനങ്ങൾ

മേഖലാ : തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസത്തിലെ വ്യത്യസ്തമേഖലകളായ കൃഷി, ഭക്ഷ്യവ്യവസായം, പാഴ്‌വസ്തു പരിപാലനം, പാർപ്പിടം, സാമ്പത്തികസാക്ഷരത, കരകൗശലം, വസ്ത്രനിർമ്മാണം | • വെർട്ടിക്കൽ ഫാമിംഗ് ആസൂത്രണം, നടപ്പാക്കൽ, സംരക്ഷണം<br>• ഗ്രോബാഗ് നിർമ്മാണം<br>• വസ്ത്രങ്ങൾ മോടിപിടിപ്പിക്കൽ പരിശീലനം | മധ്യകാലയളവ്<br>ഹ്രസ്വകാലം<br>ഹ്രസ്വകാലം | | |

Scanned with OKEN Scanner

## സ്കൂൾ തല പ്രവർത്തനങ്ങളുടെ ഫോർമാറ്റ്

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| | സാങ്കേതികവിദ്യ | കുട്ടികളുടെ എണ്ണത്തിനനുസൃതമായി കമ്പ്യൂട്ടറുകൾ ലഭ്യമാക്കുന്നതിനായി പഴയ കമ്പ്യൂട്ടറുകൾ നന്നാക്കി എടുക്കുന്നതിനായി വിദ്യാലയ വികസന സമിതിയെ ചുമതലപ്പെടുത്തുന്നു, | 1 മാസം | ഐ.ടി കോർഡിനേറ്റർ | വിദ്യാലയ വികസനസമിതി | എല്ലാ കുട്ടികൾക്കും സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ പഠനം ലഭ്യമാകുക. |
| 3. | അദ്ധ്യാപകർ | കോവിഡാനന്തരം കുട്ടികളിലുണ്ടായ സ്വഭാവമാറ്റം : ഓരോ കുട്ടിയുടെയും പ്രൊഫൈൽ തയ്യാറാക്കുന്നു. ശാരീരികം, മാനസികം, വൈകാരികം, സാമൂഹികം, സാമ്പത്തികം എന്നീ മേഖലകളിൽ പ്രശ്നങ്ങളുള്ള കുട്ടികളെ കണ്ടെത്തുന്നു. എസ്.ആർ.ജി യിൽ അവതരിപ്പിക്കുന്നു. ഭവനസന്ദർശനങ്ങളും പരിഹാരപ്രവർത്തനങ്ങളും ആസൂത്രണം ചെയ്യുന്നു. | 2 മാസം | ക്ലാസ് ടീച്ചർ എച്ച്.എം. വിദ്യാലയ വികസനസമിതി | വിദ്യാലയ വികസനസമിതി | കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിച്ച് മുഖ്യധാരയിലേക്ക് എത്തിക്കാം. |
| 4. | ഭൗതികസാഹചര്യം | 1. ഭിന്നശേഷി സൗഹൃദ ടോയ്‌ലറ്റ് നിർമ്മാണം.<br>2 മഴയത്തും വെയിലത്തും അസംബ്ലി കൂടുവാനായി മേൽക്കൂരയുള്ള ഒരു സംവിധാനം ഒരുക്കുന്നു. | 2 വർഷം | സ്കൂൾ തല സമിതി | പൂർവ്വ വിദ്യാർത്ഥികൾ, സ്പോൺസർ ഷിപ്പുകൾ | |
| 5. | സാമൂഹിക ഇടപെടലുകൾ | കുട്ടികളിലെ വൈകാരികവും മാനസികവുമായ പ്രശ്നങ്ങളും പഠനാപിന്നോക്കാവസ്ഥയും തരണം ചെയ്യുന്നതിനുള്ള ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കണം. | 3 മാസം | പ്രാദേശിക വിദഗ്ധർ | എസ്.ആർ.ജി കൺവീനർ | |

# സമഗ്രഗുണമേന്മപദ്ധതി

## കുട്ടികളിൽ വികസിക്കേണ്ട പൊതുധാരണകളെപ്പറ്റി 3.6.2025 മുതൽ 13.6.2025 വരെ സ്കൂളിൽ നടത്തേണ്ട പ്രവർത്തനങ്ങൾ

| തീയതി | സമയം | വിഷയം | നടത്താനുദ്ദേശിക്കുന്ന പ്രവർത്തനം | ചുമതല |
|---|---|---|---|---|
| 3.6.2025 | 2-3 pm | പൊതുകാര്യങ്ങൾ, മയക്കുമരുന്ന്/ലഹരി ഉപയോഗത്തിനെതിരെ | കുട്ടികൾക്ക് ബോധവൽക്കരണക്ലാസ് : കുന്നത്തൂർ സർക്കിളിലെ അസി: എക്സൈസ് ഇൻസ്പെക്ടർ അനിൽകുമാർ എസ്. ന്റെ ക്ലാസ് | അഞ്ജലി ആർ. |
| 4.6.2025 | 12-1 pm | റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ/സ്കൂൾ വാഹനസഞ്ചാരം - അറിയേണ്ട കാര്യങ്ങൾ /ട്രാഫിക് നിയമങ്ങൾ | ബോധവൽക്കരണക്ലാസ്. അടൂർ ട്രാഫിക് സ്റ്റേഷനിലെ സീനിയർ സിവിൽ പോലീസ് ഓഫീസർ എൻ. കൃഷ്ണദാസ് ന്റെ ക്ലാസ് | ജയ്ഗേഷ് |
| 5.6.2025 | 10 am - 4 pm | വ്യക്തിശുചിത്രം, പരിസരശുചിത്വം, ഹരിതക്യാമ്പസ്, സ്കൂൾ സൗന്ദര്യവൽക്കരണം | സ്പെഷ്യൽ അസംബ്ലി, കവിതയുടെ ദൃശ്യാവിഷ്കാരം പരിസ്ഥിതിദിനക്വിസ് വൃക്ഷത്തൈ നടീൽ | വീണ വി.ഗോപാൽ |
| 9.6.2025 | 2-3 pm | ആരോഗ്യം, വ്യായാമം, കായികക്ഷമത | ബോധവൽക്കരണക്ലാസ്. സ്കൂളിലെ കായികാധ്യാപകന്റെ ചുമതലയുള്ള ബിജു റ്റി.കെ. യുടെ ക്ലാസ് | ബിജു റ്റി.കെ. |
| 10.6.2025 | 1.30-3.30 pm | ഡിജിറ്റൽ അച്ചടക്കം | ICT സഹായത്തോടെ കുട്ടികൾക്കായി ഡിജിറ്റൽ അച്ചടക്കത്തെപ്പറ്റി ക്ലാസ്, സ്കിറ്റ്, മോണോആക്ട് അവതരണം | ബുജി എം.എസ്. |
| 11.6.2025 | 10-11 am | പൊതുമുതൽ സംരക്ഷണം | ബോധവൽക്കരണക്ലാസ്. വാർഡ്മെമ്പറായ രതീഷ് എസ്. ന്റെ ക്ലാസ് | ആതിര |
| 12.6.2025 | 2 - 3 pm | പരസ്പരസഹകരണത്തിന്റെ പ്രാധാന്യം, റാഗിങ്, വൈകാരിക നിയന്ത്രണമില്ലായ്മ | ബോധവൽക്കരണക്ലാസ്. ICT സഹായത്തോടെ അധ്യാപികയായ ബിന്ദു എസ്. ക്ലാസെടുക്കുന്നു. | ബിന്ദു എസ്. |
| 13.6.2025 | 2 - 3 pm | പൊതുക്രോഡീകരണം | 3.6.25 മുതൽ 12.6.25 വരെ നടന്ന ക്ലാസുകളുടെ വിശദാവലോകനം അധ്യാപിക ശ്രീജ എസ്, ക്രോഡീകരിക്കുന്നു. | ശ്രീജ എസ്. |

Scanned with OKEN Scanner

# സ്കൂൾ ഏറ്റെടുക്കുന്ന തനത് പ്രവർത്തനം

ഈ വിദ്യാലയത്തിൽ നിന്നും പഠനം കഴിഞ്ഞ് പുറത്തുപോകുന്ന കുട്ടികൾ, ഭാവിയിൽ സമൂഹത്തിന്റെ അഭിമാനമായി മാറണം എന്നതാണ് ഞങ്ങളുടെ സങ്കല്പം. വ്യക്തിത്വവികസനത്തിലൂടെ അത് നേടിയെടുക്കാൻ സാധിക്കും. ഒരാളുടെ വ്യക്തിത്വ വികസനം, പൂർണ്ണത, നന്മ ഇവയെല്ലാം ലക്ഷ്യത്തിലെത്തണമെങ്കിൽ, അതിന് ഏറ്റവും നല്ല മാർഗ്ഗം വായന തന്നെയെന്നാണ് വിശ്വസിക്കുന്നത്. അതുകൊണ്ടുതന്നെ എല്ലാ കുട്ടികൾക്കും ഉയർന്ന വായന ശേഷികൾ കൈവരിക്കുന്നതിന് അവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ് ഈ വിദ്യാലയം ലക്ഷ്യമിടുന്നത്. അതുപോലെ, വിദ്യാലയവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന എല്ലാവരിലും വായനയുടെ സംസ്കാരം വളർത്തിയെടുത്ത്, ശക്തമായ സാംസ്കാരിക പ്രവർത്തനമാക്കി വായനയെ മാറ്റും എന്ന ഉദ്ദേശ്യത്തോടെയുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഈ വിദ്യാലയം ഏറ്റെടുക്കുന്ന പദ്ധതിയാണ് 'സമഗ്രവായന വികസന വിദ്യാലയം എന്റെ സ്വപ്നം'. ഇത് പൂർത്തീകരിക്കുന്നതിനായി ഓരോ വിഷയവുമായി ബന്ധപ്പെടുത്തി വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. എങ്കിലും സ്കൂൾ ഏറ്റെടുക്കുന്ന തനത് പ്രവർത്തനമായി പത്രവായനയെ പ്രോത്സാഹിപ്പിക്കുന്നതിലേക്ക് "സമകാലീന പത്രവാർത്താധിഷ്ഠിത പരിപാടി" എന്ന പ്രവർത്തനം ഏറ്റെടുത്തിരിക്കുകയാണ്.

## ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളെയും സ്വതന്ത്രവായനക്കാരാക്കി മാറ്റുക.
- വായനാനുഭവങ്ങൾ വിവിധ രീതിയിൽ പങ്കിടുന്നതിന് അവസരം സൃഷ്ടിക്കുക.
- വ്യത്യസ്ത തലങ്ങളിലൂടെ വായന നടത്താനുള്ള കഴിവ് നേടുക.
- രചനാപരമായ കഴിവ് വളർത്തുക.
- പ്രാദേശികമായി വായന സാമഗ്രികൾ രൂപപ്പെടുത്തുക
- സൂക്ഷ്മതല പത്രവായന വിദ്യാലയത്തിൽ നടപ്പാക്കുക.

## പ്രവർത്തനങ്ങൾ

- എല്ലാ ക്ലാസിലും ഓരോ പത്രം.
- നിത്യവും പത്രവായനയും വിശകലനവും
- മികച്ച വാർത്തവായനക്കാരൻ/വായനക്കാരിയെ കണ്ടെത്തൽ
- പത്രക്വിസ്
- സംവാദം
- രചനകൾ, ശില്പശാലകൾ
- **പത്രകൊളാഷ് നിർമ്മാണം** : നിത്യേന പത്രങ്ങളിൽ വരുന്ന പ്രധാനപ്പെട്ട വാർത്തകളെ അന്തർദേശീയം, ദേശീയം, പ്രാദേശികം എന്നിങ്ങനെ തരംതിരിച്ച് അതാത് ഭൂപടങ്ങളിൽ നിറയ്ക്കുന്ന പ്രവർത്തനം.
- **സമകാലീന പത്രവാർത്താധിഷ്ഠിത പരിപാടി:** പത്രങ്ങളിൽ വരുന്ന കാലികപ്രസക്തവും വിജ്ഞാനപ്രദവുമായ വാർത്തകൾ കണ്ടെത്തി ആഴത്തിൽ വിശകലനം ചെയ്ത് വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങളിലൂടെ രണ്ടുമാസത്തിലൊരിക്കൽ അവതരിപ്പിക്കുന്നു. ഇതിനായി രണ്ടധ്യാപകർ വീതം ചുമതല ഏറ്റെടുക്കുന്നു. എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നു.
- പുസ്തകചർച്ച സംഘടിപ്പിക്കൽ

- പ്രാദേശിക സദസ്സുകളിൽ വായിച്ച പുസ്തകങ്ങളെ ആധാരമാക്കിയുള്ള ആവിഷ്കാരങ്ങൾ.
- ക്ലാസ്പത്രം, സ്കൂൾപത്രം എന്നിവ പ്രസിദ്ധീകരിക്കൽ.

<u>ഉടൻ ചെയ്യാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ</u>

- സമഗ്രഗുണമേന്മപദ്ധതിയുടെ ഭാഗമായി 3.6.2025 മുതൽ 13.6.2025 വരെ കുട്ടികളിൽ വികസിക്കേണ്ട അടിസ്ഥാന പൊതുധാരണകളെപറ്റി ബോധവത്ക്കരണക്ലാസുകളും അനുബന്ധ പ്രവർത്തനങ്ങളും
- ക്ലാസ് നിലവാരം, പഠനനേട്ടം എന്നിവ പരിഗണിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ (ജൂലൈ മാസത്തിൽ തുടക്കം).

<u>ചുമതല</u>

| | |
|---|---|
| June<br>July<br>August | Biju<br>Athira<br>Sreeja.S |
| September<br>October<br>November | Bindu.S<br>Renu<br>Jaikesh |
| December<br>January<br>February | Sreeja.S<br>Veena<br>Anjali |

Scanned with OKEN Scanner
Scanned with OKEN Scanner